"GOMATHI (NEWS PAPER)—ACTION AGIANST

271. മിസ്റ്റർ പി. കെ. ഡീവർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

ഗോമതി പത്രത്തിന്റെ പേരിൽ ഗവൺമെണ്ട് എപ്പോഴെങ്കിലും വല്ല നടപടിയും എടുത്തിട്ടുണ്ടോ; എടുത്തിട്ടുണ്ടെങ്കിൽ എപ്പോഴെല്ലാം, എന്തിനെ സംബന്ധിച്ച്; എന്തുമാതിരി നടപടി?

റാവു സാഹിബ് എ. മാധവപ്രഭ: നടപടി എടുത്തിട്ടില്ല.

മിസ്റ്റർ പി. കെ. ഡീവർ: പത്രത്തിന്റെ നടപടിദോഷംകൊണ്ട് പത്രാധിപരുടെ പേരിലോ അല്ലെങ്കിൽ പബ്ലീഷരുടെ പേരിലോ വല്ല നടപടിയും എടുത്തിട്ടുണ്ടോ?

റാവുസാഹിബ് എ. മാധവപ്രഭ: അടുത്തകാലത്തുണ്ടായിട്ടില്ല. പഴയകാലത്തുണ്ടായിട്ടുണ്ടോയെന്നറിയാൻ പാടില്ല.

മിസ്റ്റർ കെ. എസ്സ്. പണിക്കർ: അടുത്തകാലത്ത് എന്നു പറയുന്നതു് എത്ര കാലത്തെ ഉദ്ദേശിച്ചാണ്?

റാവുസാഹിബ് എ. മാധവപ്രഭ: ഒരു കൊല്ലത്തിനുള്ളിൽ ഉണ്ടായിട്ടില്ല.

NOON-DAY FEEDING AT SCHOOLS—DETAILS REGARDING

272. മിസ്റ്റർ കെ. കെ. കണ്ണൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട് സദയം മറുപടി പറയുമോ.—

(എ) കഴിഞ്ഞ വിദ്യാഭ്യാസ വർഷത്തിൽ എത്ര സ്കൂളുകളിൽ നൂൺഡെ ഫീഡിങ്ങ് ഉണ്ടായിരുന്നു;

(ബി) ഈ വിദ്യാഭ്യാസവർഷത്തിന്റെ ആരംഭത്തോടുകൂടി നൂൺഡെ ഫീഡിങ്ങ് ഉള്ള വിദ്യാലയങ്ങളുടെ എണ്ണം കഴിഞ്ഞ കൊല്ലത്തേക്കാൾ കൂടുതലോ, കുറവോ;

(സി) കൂടുതലാണെങ്കിൽ അതു് എത്ര;

(ഡി) കുറവാണെങ്കിൽ അതു് എത്ര;

(ഇ) ഈ ഇനത്തിൽ കഴിഞ്ഞ വിദ്യാഭ്യാസവർഷത്തിന്റെ അവസാനംവരെ (വിദ്യാലയങ്ങൾ പൂട്ടുന്നതുവരെ) ഗവൺമെണ്ടിൽ ആകെ എത്ര സംഖ്യ ചിലവുവന്നിട്ടുണ്ട്;

(എഫ്) ഇക്കഴിഞ്ഞ റിഓപ്പുനിങ്ങ് തുടങ്ങി മിഡ്സമ്മർ വെക്കേഷൻവരെ നൂൺഡെ ഫീഡിങ്ങിനു് എത്ര സംഖ്യ വേണ്ടിവരുമെന്നാണ് ഉദ്ദേശിക്കുന്നതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ:

(എ) ൪൩ ഫ.

(ബി) കുറവ്.

(സി) ബി-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യത്തിനു് ഉത്തരം ആവശ്യമില്ല.

(ഡി) ൨൫ കുറവ്.

(ഇ) ക. ൪,൩൨,൨൫— ൪— ൪.

(എഫ്) ക. ൪,൦൦,൦൦൦— ൦— ൦.

മിസ്റ്റർ കെ. കെ. കണ്ണൻ: ഫ ഫ൨൫-ൽ അനുവദിച്ചുകൊടുത്തതിനേക്കാൾ ൨൫ സ്കൂളുകൾക്ക കുറവായിട്ടാണ നൂൺഡെഫീഡിങ്ങ് ഫ ഫ൩൭-ലേക്ക് അനുവദിച്ചിട്ടുള്ളു. ഈ കുറച്ചിട്ടുള്ള സ്കൂളുകളിൽകൂടി അതു കൊടുക്കാൻ ദയവുണ്ടാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: കൂടുതൽ സ്കൂളുകൾക്ക് ഇതു കൊടുത്താൽ കൊള്ളാമെന്ന ഗവൺമെണ്ടിനു വിചാരമുണ്ട്. അതു നടക്കുമെന്നാണ ഗവൺമെണ്ടിന്റെ പ്രതീക്ഷ.

UNIFORMS FOR RURAL MIDWIVES

273. മിസ്റ്റർ കെ. എസ്സ്. പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഗവൺമെണ്ട സദയം മറുപടി പറയുമോ.—

(എ) ഗ്രാമങ്ങളിൽ നിയമിതരായിട്ടുള്ള സൂതികർമ്മിണികൾക്ക് (Rural Midwives) യൂനിഫോറത്തിനും മറ്റും ശീല ഗവൺമെണ്ടിൽനിന്നു കൊടുക്കാറുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഫ ഫ൨൯, ഫ ഫ൩൦, ഫ ഫ൩൧, ഫ ഫ൩൨ ഈ കൊല്ലങ്ങളിൽ എത്ര വാര വീതം കൊടുത്തു?

LIBRARY ARCHIVES Kerala Legislative Assembly

റാവു ബഹദൂർ ടി. കെ. നായർ:

(എ) ഇല്ല.

(ബി) ഉത്തരം ആവശ്യമില്ല.

WORKS AT PERINGALKUTHU

274. മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഗവണ്മെണ്ട് ദയവായി മറുപടി പറയുമോ —

(എ) പെരിങ്ങൽകുത്തിലെ പണികൾക്ക് ആവശ്യമായ സാമാനങ്ങൾ ചാലക്കുടി റെയിൽവെ സ്റ്റേഷനിൽനിന്നു ചാലക്കുടി ഗോഡൌണിലേക്കു കൊണ്ടുപോകുന്നതിനുള്ള കരാറ് മിസ്റ്റർ പി. കെ. അച്ചുതനു കൊടുക്കുകയുണ്ടായോ;

(ബി) (എ) യുടെ ഉത്തരം ഉവ്വ് എന്നാണെങ്കിൽ എത്ര റേറിനാണ് ആ പണി കരാറുകൊടുത്തത്;

(സി) മേൽപറഞ്ഞ കരാറു കാൻസൽ ചെയ്യുകയുണ്ടായോ;

(ഡി) (സി) യുടെ ഉത്തരം ഉവ്വ് എന്നാണെങ്കിൽ അതിനു (കാൻസൽ ചെയ്യുന്നതിനു) കാരണമെന്തു;

(ഇ) കാൻസൽ ചെയ്യുകിൽ കാൻസൽ ചെയ്യുതിനുശേഷം വീണ്ടും ആ പണി കരാറുകൊടുക്കുകയുണ്ടായോ;

(എഫ്) (ഇ) യുടെ ഉത്തരം ഉവ്വ് എന്നാണെങ്കിൽ ആക്ക് എത്ര നിരക്കിനു കരാറുകൊടുത്തു?

റാവു സാഹിബ്ബ് കെ. അയ്യപ്പൻ:

(എ) ഉവ്വ്.

(ബി) ടണ്ണിനു ഫ. ഫ. ണ. പ്രകാരം.

(സി) ഇല്ല.

(ഡി), (ഇ) & (എഫ്) (സി) യുടെ ഉത്തരംകൊണ്ടു ഉത്തരം ആവശ്യമില്ല.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: എന്നാണു ടെണ്ടർ കൊടുത്തതു?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ൪ മാസം മുമ്പു.

മിസ്റ്റർ എം. കെ. വർഗ്ഗീസ്സ്: എഗ്രിമെൻറ് വച്ചിട്ടുണ്ടോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: ഇല്ല.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: പെരിങ്ങൽകുത്തുകായ്ത്തെപ്പറ്റി അന്വേഷണം നടത്തുന്നതിനു ഒരു കമ്മിറ്റിയെ വെച്ചുകിട്ടണമെന്നു അപേക്ഷിച്ചിട്ടു അതു സാധിക്കയില്ലായെന്നു കഴിഞ്ഞ ഒരു ദിവസം ഇവിടെ പറയുകയുണ്ടായി. എന്നാൽ സ്റ്റാൻറിങ്ങ് ഫിനാൻസ്സ് കമ്മിറ്റിയുടെ മിനിട്ടിസിൽ ഇങ്ങിനെ ഒരു കാണുന്നുണ്ടു. Minutes of the Standing Finance Committee meeting, held on Monday, 7th July 1947, page 6 reads as follows:—

"Mr. Verghese observed that there are several complaints regarding the execution of works relating to the Peringalkuthu Scheme.

The method of giving the works for execution, procedure adopted in the matter of appointments and very many details of this type require overhauling. An enquiry into the matter is necessary. The other members expressed concurrence. The following are some of the features which require special attention.

1. Supply of tiles.
2. Executing work at actuals plus 15%.
3. Disposal of surplus timber.

Mr. President: Does it come under the purview of this question?

Mr. K. Balakrishna Menon *(Cheruthuruthi)*: Yes. Sir.

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അതിനെസംബന്ധിച്ചു ഗവണ്മെണ്ടു അന്വേഷണം നടത്തി.

മിസ്റ്റർ കെ. ബാലകൃഷ്ണമേനോൻ: ഗവണ്മെണ്ടിൽനിന്നു അന്വേഷണം നടത്തിയെന്നു പറഞ്ഞുവല്ലോ. ആരാണു അന്വേഷണം നടത്തിയതു; എക്സിക്യൂട്ടീവ് ഇഞ്ചിനീയറാണോ?

റാവുസാഹിബ്ബ് കെ. അയ്യപ്പൻ: അല്ല.

LIBRARY ARCHIVES Kerala Legislative Assembly